ക്ലാസ് 5
കേരളപാഠാവലി
യൂണിറ്റ് 1
ഇത്തിരിപ്പൂവേ ചുവന്നപൂവേ...

# സമഗ്രാസൂത്രണം

പാഠങ്ങൾ: മണ്ണിന്റെ കിനാവുകൾ
കാടിലെ മഴ
ഡെയ്സിച്ചെടി

അധ്യാപികയുടെ പേര് : രഞ്ജന ആർ
തീം : പ്രകൃതി

<u>പഠന ലക്ഷ്യങ്ങൾ</u> :

- ആശയം/ധാരണ : പ്രകൃതി സൗന്ദര്യം പ്രതിഫലിക്കുന്ന വിവിധ സാഹിത്യകൃതികൾ ഭാഷയിലുണ്ട്.
  : വിവിധ സാഹിത്യ രൂപങ്ങളുടെ ഘടനയും ഉള്ളടക്കവും മനസ്സിലാക്കുന്നു
  : പ്രകൃതി സൗന്ദര്യവും പരസ്പര ബന്ധവും തിരിച്ചറിയുന്നു.
  : അനുഭവ നിരീക്ഷണങ്ങളിലൂടെ പ്രകൃതി സൗന്ദര്യത്തെ ആവിഷ്കരിക്കുന്നു
  : പാഠഭാഗത്തിലെ ഭാഷാവസ്തുതകൾ തിരിച്ചറിയുന്നു.

- ശേഷികൾ/നൈപുണികൾ : താളവും, ഭാവവും ഈണവും ഉൾക്കൊണ്ട് കവിത ചൊല്ലി അവതരിപ്പിക്കുന്നു
  : പ്രകൃതിയെക്കുറിച്ചുള്ള കവിതകളുടെ ആസ്വാദനം വാചികമായും ലിഖിതമായും അവതരിപ്പിക്കുന്നു
  : മനസ്സിൽ തട്ടുന്ന കാഴ്ചകളെ വാക്കുകളിലൂടെ ചിത്രങ്ങളായി ആവിഷ്കരിക്കുക
  : പൂക്കളെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുക
  : വർണ്ണനകളും വാങ്മയ ചിത്രങ്ങളും തയാറാക്കുക

I മൂല്യങ്ങൾ / മനോഭാവങ്ങൾ : പ്രകൃതി സൗന്ദര്യം തിരിച്ചറിയാനും ആസ്വദിക്കാനും പരിരക്ഷിക്കാനുമുള്ള മനോഭാവം.

: മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം ദൃഢമാക്കൽ

വ്യവഹാര രൂപങ്ങൾ : ആസ്വാദനക്കുറിപ്പ്, ചുമർപത്രിക, വർണ്ണന, സംഭാഷണം, ലഘുപന്യാസം

പ്രവർത്തനം / പ്രക്രിയ വിശദാംശങ്ങൾ :

1 ആസ്വാദനക്കുറിപ്പ്

മനപാഠം തയ്യാറാക്കൽ, അനുബന്ധ ഗ്രൂപ്പിൽ അവതരണം, പൊതു അവതരണം. ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ വ്യക്തിഗതം, സൂചകങ്ങൾ രൂപീകരിക്കൽ, വിലയിരുത്തൽ

2. ചുമർപത്രിക

പൂവിന്റെ ചിത്രങ്ങളും, വിവരങ്ങളും കണ്ടെത്തൽ, ചുമർപത്രിക നിർമ്മാണം, മികവുകളും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും പങ്കുവെയ്ക്കൽ.

3 വർണ്ണന

ചർച്ച, വർണ്ണന തയ്യാറാക്കൽ (വ്യക്തിഗതം) സൂചകങ്ങളുടെ സഹായത്തോടെ മെച്ചപ്പെടുത്തൽ ടീച്ചർ വേർഷൻ അവതരണം, മെച്ചപ്പെടുത്തൽ

4 സംഭാഷണം

പാഠഭാഗം വായന, പൊതുചർച്ച സംഭാഷണം തയ്യാറാക്കൽ രണ്ടുപേർ ചേർന്ന് അവതരിപ്പിക്കൽ

5, ലഘു ഉപന്യാസം

പ്രവർത്തനം, വായന - വിശകലനം പൊതുചർച്ച. ചർച്ചയിലെ പ്രധാന ആശയങ്ങൾ കുറിക്കൽ (BB)

: പാഠങ്ങളുടെ വായന (വ്യക്തിഗതം) അവലംബിച്ച് ആശയങ്ങൾ, രണ്ടോ മൂന്നോ പേരുടെ അവതരണം, ഉപന്യാസരചന, അവതരണം ടീച്ചർ വേർഷൻ, മെച്ചപ്പെടുത്തൽ വിലയിരുത്തൽ.

പഠനോപകരണങ്ങൾ : മനോപടം ആകൃതിയ ചാർട്ട്, ചില പൂക്കളുടെ ചിത്രങ്ങളും വിശദാംശങ്ങളും A4 ഷീറ്റുകൾ
ടീച്ചർ വേർഷൻ - വർ[illegible]ന
ചർച്ചാസൂചകങ്ങൾ, ആശയപടം,
ടീച്ചർ വേർഷൻ (ഉപന്യാസം)
HB, TB, ചാർട്ട്, മാർക്കർ, ചോക്ക്, Laptop.

വിലയിരുത്തൽ : ആസ്വാദനക്കുറിപ്പ്, ചുമർപത്രിക, വർണ്ണന സംഭാഷണം, ലഘു ഉപന്യാസം, തുടങ്ങിയവ പ്രക്രിയാഘട്ടങ്ങൾ ഉൾപ്പെടെ വിലയിരുത്തുന്നു.

## പാഠാസൂത്രണം

പാഠത്തിന്റെ പേര് : **മഞ്ഞിന്റെ കിനാവുകൾ**
(പി. മധുസൂദനൻ)

"പൂവാൽക്കരത്തിൽ പകർന്നതോടൊപ്പമ-
പ്പൂവുകൾ പൂവുകളായ് ചേർത്തും!
പൂവേ നീ ബാല്യമോ? യൗവ്വനമോ പൂവോ നീ?
കേവലമെന്നിൻ പേരാകത്തും!"
- പനിനീർപ്പൂവും, തൈതല്യം
- വള്ളത്തോൾ -

പൂവിനെയും കുട്ടിയെയും കേവലമൊന്നാക്കി മാറ്റുന്നത് സൗന്ദര്യമാണ്. കുട്ടിയും പൂവും പ്രകൃതിയുടെ ഭാഗമാണ്. സ്വാഭാവികമായും പ്രകൃതി സൗന്ദര്യം രണ്ടിനെയും ഒന്നാക്കി മാറ്റുന്നു. കുട്ടിയുടെ കൈകളിൽ എത്തുമ്പോഴാണ് പൂവ് പൂവായി മാറുന്നത്. പൂക്കൾക്ക് ചുറ്റുമുള്ള വെയിലും, നിലാവും, സന്ധ്യയും അവയ്ക്ക് പകർന്നു നൽകുന്ന സൗന്ദര്യത്തെ കുറിച്ച് മഞ്ഞിന്റെ കിനാവുകൾ എന്ന കവിതയിൽ സൂചിപ്പിക്കുന്നു.

## പ്രവേശകം

- കുട്ടിയും പക്ഷിയും കാണുന്ന മഴക്കാഴ്ചകളിലേക്ക് കുട്ടികളെ നയിക്കുന്നതിനായി മനോഹരമായ മഴക്കാഴ്ചകളുടെ വീഡിയോ പ്രസന്റേഷൻ നടത്തുന്നു.
- മഴയുള്ള സമയത്ത് മഴ കാണാൻ അവസരം നൽകുന്നു.
- മഴപ്പെയ്ത്തിന്റെ ചിത്രങ്ങൾ ക്ലാസിൽ ഒരുക്കുന്നു.
- തുടർന്ന് കുട്ടികളോട് മഴപ്പാട്ടുകൾ, സിനിമാഗാനങ്ങൾ എന്നിവ പാടാൻ ആവശ്യപ്പെടുന്നു. കേൾക്കാൻ അവസരം നൽകുന്നു.
- പ്രവർത്തനത്തിൽ പറയുന്ന ഇഷ്ടപ്പെട്ട കാഴ്ചകൾ ടെക്സ്റ്റ് ബുക്കിൽ തന്നെ എഴുതാൻ നിർദ്ദേശിക്കുന്നു
- മഴക്കാഴ്ചകളുടെ അവതരണം.

## ബോധീകരണം

മഴ കണ്ടപ്പോൾ, മഴ കൊണ്ടപ്പോൾ, മഴക്കാഴ്ചകൾ കണ്ടപ്പോൾ നമുക്ക് എത്ര സന്തോഷമായി. അപ്പോൾ മഴ മുഴുവൻ ഏറ്റുവാങ്ങിയ മണ്ണിന്റെ സന്തോഷം എത്ര വലുതായിരിക്കും എന്ന സൂചന നൽകുന്നു.

- 'മണ്ണിന്റെ കിനാവുകൾ' എന്ന കവിത ഒന്നോ രണ്ടോ പ്രാവശ്യം മനസ്സിരുത്തി വായന കുട്ടികൾ വ്യക്തിഗതമായി
- കവിതയിൽ ഇഷ്ടപ്പെട്ടത്, ഇഷ്ടപ്പെടാത്തത്. മനസ്സിലായത് എന്നിവ കണ്ടെത്തി അവതരണം.
- കവിതയുടെ ആശയം ഗ്രഹിച്ചോ എന്നറിയാനായി ചില ചോദ്യങ്ങൾ ചോദിക്കുന്നു.

1, ഏതൊക്കെ വൃക്ഷങ്ങളെ കുറിച്ചാണ് കവിതയിൽ പരാമർശിച്ചിരിക്കുന്നത്?

2, പൊൻവെയിലിൽ കുരുത്തത് ആരാണ്

3. വേലിയിൽ വിരിഞ്ഞ കോളാമ്പികൾ എന്തു പോലെയാണ് കാണപ്പെട്ടത്

4. മണ്ണിന്റെ ഓമൽക്കിനാവുകൾ എന്ന് പറഞ്ഞിരിക്കുന്നത് എന്തിനെയാണ്?

- കവിതയുടെ ആശയഗ്രഹണത്തിനു ശേഷം ഈണം കണ്ടെത്തി അവതരണം.

## ഈണം കണ്ടെത്താം

- കവിത വ്യക്തിഗത വായന
- രണ്ടു മൂന്നു പേരുടെ അവതരണം
- പൂക്കളുടെ പേരിൽ ഗ്രൂപ്പു തിരിയുന്നു.
  മുക്കുറ്റി, മുല്ല, ജമന്തി, കോളാമ്പി ..... etc.
- ഗ്രൂപ്പിൽ ഈണം നൽകി അവതരണം
- ചൊല്ലി പരിശീലിക്കാൻ സമയം നൽകുന്നു.
- സൂചകങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നു. ഗ്രൂപ്പുകൾ വിലയിരുത്തുന്നു.

വിലയിരുത്തൽ

ഏത് അവതരണമാണ് മികച്ചത്?
എന്തുകൊണ്ട്?
- നന്നായി ചൊല്ലി
- ഭാവമുണ്ടായിരുന്നു
- ശബ്ദം, ഉച്ചാരണസ്ഫുടത
- ആശയം ഉൾക്കൊണ്ടുള്ള അവതരണം
-
-

- അവതരണത്തിനു ശേഷം കവിതയുടെ ഓഡിയോ കേൾപ്പിക്കുന്നു.
- അധ്യാപിക ഭാവം ഉൾക്കൊണ്ട് കവിത ആലപിക്കുന്നു.

## വൃക്ഷങ്ങളെ പരിചയപ്പെടാം

- കവിതയിൽ പരാമർശിക്കുന്ന പൂക്കൾ ഏതൊക്കെ എന്ന് ഒരിക്കൽ കൂടി ചോദിക്കുന്നു
- പരിചിതമല്ലാത്ത പൂവുകൾ കണ്ടെത്തിപ്പറയൽ
- ക്രയോണുകൾ, പെൻസിൽ, ഇറേസർ എന്നിവ നേരത്തെ കൊണ്ടുവരാൻ പറയുന്നു
- പാഠപുസ്തകത്തിൽ തന്നെ പൂക്കളുടെ വർണ്ണചിത്രം വരയ്ക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു
- പരിചിതമല്ലാത്ത പൂവുകളുടെ ചിത്രം പ്രദർശിപ്പിക്കുന്നു

– രാജമുദ്രയണിഞ്ഞ ചെന്താരകൾ –
രാജമുദ്ര എന്നതിലൂടെ അധികാരത്തിന്റെ ചിഹ്നമായ കിരീടത്തെയാണ് സൂചിപ്പിക്കുന്നത്. കൃഷ്ണകിരീടമെന്ന പൂവാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്

- വർണ്ണക്കടലാസുകൾ ഉപയോഗിച്ച് പൂക്കൾ നിർമ്മാണം.
- സ്കൂളിലെ ഉദ്യാന സന്ദർശനം പൂക്കൾ തിരിച്ചറിയൽ
- വീട്ടിലെയോ, നാട്ടിലെയോ പൂക്കളുടെ ഫോട്ടോ എടുത്ത് ഗ്രൂപ്പിൽ ഇടുന്നു.
- നോട്ടുബുക്കിൽ തന്നു പെട്ടിയെ പൂക്കളുടെ ചിത്രം വീട്ടിൽ നിന്ന് വരച്ചു കൊണ്ടുവരാൻ നിർദ്ദേശിക്കുന്നു.
- കുട്ടികളെടുത്ത ഫോട്ടോകൾ ക്ലാസിൽ പ്രദർശനം.

— വിലയിരുത്തൽ —

പഠനപ്രക്രിയ
പങ്കാളിത്തം

## ■ നമുക്കും വൃക്ഷങ്ങളാകാം

- കവിതയിൽ പറയുന്ന വൃക്ഷങ്ങളുടെ പേരിൽ കുട്ടികൾ ഗ്രൂപ്പാകുന്നു.
- ഗ്രൂപ്പുകൾ തങ്ങൾക്ക് ലഭിച്ച പൂവിനെക്കുറിച്ചു പറയുന്ന വരികൾ കണ്ടെത്തി ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. അവയുടെ സവിശേഷതകൾ ഗ്രൂപ്പിൽ ചർച്ച.

  ഉദാ: പൊൻവെയിലിൽ കുരുത്ത മുക്കുറ്റികൾ
  : സന്ധ്യ നെഞ്ചത്തെടുത്തു ലാളിച്ചതിനാൽ
  ചന്തം ലഭിച്ച ജമന്തികൾ

■ ഓരോ ഗ്രൂപ്പിനും ആവശ്യമായ പിന്തുണ ടീച്ചർ നൽകുന്നു.

■ ക്ലാസിൽ പൊതു അവതരണം.

■ സവിശേഷതകൾ പങ്കുവയ്ക്കൽ

■

ഗ്രൂപ്പ് അവതരണത്തിന്റെ മികവുകൾ നിരന്തര വിലയിരുത്തലിന് പരിഗണിക്കുന്നു.

വിലയിരുത്തൽ

## ■ ഓർത്തു ചൊല്ലാം

- വൃക്ഷങ്ങളെക്കുറിച്ചുള്ള സിനിമാ ഗാനങ്ങൾ ചെറുകവിതകൾ എന്നിവ ഓർത്തു ചൊല്ലൽ
- ഓരോ പൂവിനെക്കുറിച്ചും അവയുടെ സവിശേഷതകളെക്കുറിച്ചും പറയുന്ന വരികൾ ഓർത്തു ചൊല്ലൽ
  - കനിവേറുമോരോ മലരുകൾ ചെന്നു
    മാവേലി ദേവനെയെതിരേൽക്കാൻ
    തങ്കത്താറിൽ തനു മിന്നും പടി
    മുങ്ങിച്ചെന്നു മുക്കുറ്റി.. ..
    — തുമ്പപ്പൂ

നിരന്തരാഭ്യാസം: മുതിർന്നവരുടെ സഹായത്തോടെ, കൂടുതൽ കവിതകൾ കണ്ടെത്തൽ

## പൂക്കളോടൊപ്പം

"പൂക്കൾ മണ്ണിന്റെ കോമളക്കിനാവുകൾ
പൂക്കൾ ജീവന്റെ പ്രേമപ്രതീക്ഷകൾ"

– വരികൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു

### ചർച്ച

ചർച്ചയിൽ വരേണ്ടവ:-

- പൂക്കൾ മണ്ണിന്റെ കോമളക്കിനാവുകൾ
  - മണ്ണിന്റെ / ഭൂമിയുടെ മക്കളാകുന്ന പൂക്കൾ
  - മക്കളെക്കുറിച്ച് അമ്മമാർ കാണുന്ന സ്വപ്നങ്ങൾ
  - നിങ്ങളെക്കുറിച്ച് അമ്മയ്ക്കുള്ള സ്വപ്നങ്ങൾ

മണ്ണിന്റെ / ഭൂമിയുടെ മക്കളാണ് പൂക്കൾ അമ്മമാർ മക്കളെക്കുറിച്ച് സ്വപ്നം കാണുന്നതുപോലെ ഇവിടെ മണ്ണും മക്കളെക്കുറിച്ച് സ്വപ്നങ്ങൾ കാണുന്നു.

- ജീവന്റെ പ്രേമപ്രതീക്ഷകൾ
  - ജീവിക്കാൻ പ്രേരിപ്പിക്കുന്നു
  - പ്രേമവും പ്രതീക്ഷയും തരുന്നു.

- കൂടുതൽ വരികൾ കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടുന്നു.
- വിശകലനം ചെയ്ത് അവതരിപ്പിക്കാൻ അവസരം
- ആവശ്യമായ തണ്മയ വിന്യുണ്ണ

– ചർച്ചയിലെ പങ്കാളിത്തം വിലയിരുത്തുന്നു.

### വിലയിരുത്തൽ

- **വൃക്ഷങ്ങളും നന്മകളും**

"നീലവാനം മിഴികളിലുള്ളവർ
നീർക്കണങ്ങളാൽ കല ചാർത്തുന്നവർ
ഏതു ചൂടിലും വാടാതെ നിൽപ്പവർ
ഏതിരുട്ടിലും മന്ദഹസിപ്പവർ"

- വരികൾ കുട്ടികൾ നോട്ട് ബുക്കിൽ എഴുതുന്നു.
- ഈ വരികൾക്കു മുൻപിലും പിന്നിലുമുള്ള വരികൾ വായിക്കാൻ ആവശ്യപ്പെടുന്നു.

- **പൊതു ചർച്ച.**

ചർച്ചാ സൂചകങ്ങൾ
- ഭൂമിയുടെ മക്കളായി പിറക്കുന്ന വൃക്ഷങ്ങൾ
- നീലവാനം മിഴികളിലുള്ളവർ

▸ നീലവാനത്തിന്റെ സവിശേഷതകൾ
(നിറം, വിശാലത, ഭംഗി)

▸ നീലവാനം മിഴികളിലുള്ളവർ
(നീലാകാശം തന്നെ കണ്ണുകളിലുള്ളവർ. എല്ലാം കാണാനും അറിയാനും ഉള്ള ശേഷി കുതുകം, ഭംഗി)

▸ നീർക്കണങ്ങളാൽ കല ചാർത്തുന്നവർ
(മഞ്ഞു തുള്ളികൾ വീണു കിടക്കുന്ന വൃക്ഷങ്ങളുടെ ഭംഗി
കണ്ണീർ തൂകി വരുന്ന കുറി

▸ ഏതു ചൂടിലും വാടാതെ നിൽപ്പവർ
(എല്ലാ പ്രശ്നങ്ങളിലും തളരാതെ നിൽക്കാനുള്ള കരുത്ത്

▸ ഏതിരുട്ടിലും മന്ദഹസിപ്പവർ
(ദുഃഖം ഉള്ളിൽ ഒതുക്കി ചിരിക്കുന്നവർ


- വരികളുടെ വിശകലന ചർച്ചയ്ക്കു ശേഷം സ്വതന്ത്ര രചനയ്ക്ക് അവസരം നൽകുന്നു
- രൂപപ്പെട്ട കുറിപ്പുകൾ വിലയിരുത്തുന്നു.

സൂചകങ്ങൾ
- വായിക്കാൻ പ്രേരിപ്പിക്കുന്ന
- ആശയങ്ങളെ ഒതുക്കിപ്പറയൽ
- ലളിത വാക്യങ്ങൾ
- ഒഴുക്ക്
- ഒറ്റ ഖണ്ഡിക.

## - വിലയിരുത്തൽ -

### ആസ്വാദനക്കുറിപ്പ്

- കവിത ആദ്ധ്യാത്മിക ഭാവം ഉൾക്കൊണ്ട് വായിക്കുന്നു.
- ഒന്നു രണ്ടു കുട്ടികൾക്കു കൂടി കവിത ചൊല്ലാൻ അവസരം നൽകുന്നു.
- വരികളുടെ മനോഹാരിത, ആശയതലം, രചനാരീതി, പദങ്ങൾ പ്രയോഗങ്ങൾ എന്നിവയുടെ ഔചിത്യവും ഭംഗിയും ഒന്നു കൂടി ചർച്ചയിൽ വരുത്തുന്നു.
- അവ ക്രോഡീകരിച്ച് മനോപടം തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.



- മനോപടത്തിൽ പറഞ്ഞ കാര്യങ്ങൾ നോട്ടുബുക്കിൽ എഴുതി ആവശ്യമായ കുറിപ്പുകൾ (വ്യക്തിഗതം) തയാറാക്കാൻ വേണ്ട നിർദ്ദേശം നൽകുന്നു.
- രണ്ടു പേരുടെ ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തൽ
- രണ്ടോ മൂന്നോ പേർ ക്ലാസിൽ അവതരിപ്പിക്കുന്നു.
- പ്രയാസം നേരിടുന്ന കുട്ടികളും എഴുതി എന്ന് ഉറപ്പുവരുത്തുന്നു.
- ആസ്വാദനക്കുറിപ്പ് കുട്ടികൾ തയാറാക്കുന്നു.
- ഏതാനും പേരുടെ അവതരണം
- സൂചകങ്ങൾ ക്ലാസിൽ പൊതു ചർച്ചയിലൂടെ രൂപപ്പെടുത്തുന്നു.
- മെച്ചപ്പെടുത്തിയെഴുതൽ
- ടീച്ചറുടെ വിലയിരുത്തൽ (സൂചകങ്ങളുടെ അടിസ്ഥാനത്തിൽ)
- ആസ്വാദനക്കുറിപ്പ് ടീച്ചർ വേർഷൻ അവതരണം
- ആസ്വാദനക്കുറിപ്പുകൾ നോട്ടുബുക്കിൽ എഴുതിയ ശേഷം A4 പേപ്പറിൽ എഴുതി വാങ്ങി 'ഞങ്ങളുടെ ആസ്വാദനക്കുറിപ്പ്' പുസ്തകം തയാറാക്കൽ.

## ആസ്വാദനക്കുറിപ്പ് - വിലയിരുത്തൽ സൂചകങ്ങൾ

- വായനയിലേക്ക് നയിക്കുന്ന ആകർഷകമായ തലക്കെട്ട്
- വി. മധുസൂദനനെക്കുറിച്ചും 'ഭൂമി പാടുന്ന ശീലുകൾ' എന്ന കൃതിയെ കുറിച്ചുമുള്ള സൂചനകൾ
- കവിതയുടെ ആശയം.
- സവിശേഷ പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തിയിട്ടുണ്ട്
- ഇഷ്ടപ്പെട്ട ഭാഗം, ഇഷ്ടപ്പെടാനുള്ള കാരണം ഇഷ്ടപ്പെട്ട വരികൾ പരാമർശിച്ചിട്ടുണ്ട്
- തലക്കെട്ട്, തുടക്കം, ഖണ്ഡികാകരണം ഒടുക്കം എന്നിവ പാലിച്ചിട്ടുണ്ട്
- ആകർഷകമായ ഭാഷ.

# ആസ്വാദക്കുറിപ്പ് - വിലയിരുത്തൽ

- ചുമർപത്രിക തയ്യാറാക്കാം
- കുട്ടികൾ കവിതയിൽ നിന്നും മനസ്സിലാക്കിയ കാര്യങ്ങൾ, കൂടുതലായി കണ്ടെത്തിയവ ഉൾപ്പെടുത്തി ഓരോ ഗ്രൂപ്പും അവർക്ക് ലഭിച്ച പൂവിന്റെ വിശദാംശങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തി ഓരോ ചുവർപത്രിക തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു
- ഭിന്നനിലവാരക്കാർക്കും പങ്കെടുക്കാൻ പറ്റിയ പ്രവർത്തനമായതിനാൽ കഴിവിനനുസരിച്ചുള്ള സഹായം ഗ്രൂപ്പിന് ചെയ്തു കൊടുക്കാൻ അധ്യാപികയുടെ ഇടപെടൽ ഉണ്ടാവണം
- തയ്യാറാക്കിയവ ക്ലാസിൽ പ്രദർശിപ്പിക്കുന്നു
- എല്ലാവർക്കും കാണാൻ ഉള്ള അവസരം
- മികവുകൾ, മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ എന്നിവ പരസ്പരം പങ്കുവയ്ക്കുന്നു
- ടീച്ചറുടെ വിലയിരുത്തലിനൊപ്പം ഓരോ ഗ്രൂപ്പിനും അഭിനന്ദനങ്ങളും അറിയിക്കാൻ.

**ചുമർപത്രിക**

കുട്ടികളുടെ ബഹുമുഖ വികാസത്തിന് ഉതകുന്ന പ്രവർത്തനമാണിത്.

- ആശയരൂപീകരണം
- നിറം നൽകൽ
- ചിത്രം വരയ്ക്കൽ
- ഉചിത വിന്യാസം

എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഇതിൽ പെടുന്നു.

## മലർമാല കോർക്കാം

- പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ്, സ്കൂൾ ലൈബ്രറികൾ പരിചയപ്പെടുത്തൽ.
- സമീപ വായനശാലയിൽ അംഗത്വം എല്ലാ കുട്ടികൾക്കും.
- ജൂൺ 19 വായനദിനം കൂടി മുന്നിൽ കണ്ടുകൊണ്ട്.
- പൂക്കളെക്കുറിച്ചുള്ള കവിതകൾ ലൈബ്രറികൾ പരിശോധിച്ചു കണ്ടെത്തൽ
- കണ്ടെത്തിയ കവിതകൾ നോട്ടുബുക്കിൽ കുറിക്കൽ
- അത്തരം കവിതകളുടെ ക്ലാസ്തല അവതരണം
- വായന വാര പരിപാടികളിൽ കുട്ടികളുടെ അവതരണം.

## ഒരു തൈ നടാം

- പൂക്കളെക്കുറിച്ച് ലൈബ്രറിയിൽ നിന്നും ശേഖരിച്ച കവിതകളുടെ അവതരണത്തിന്റെ തുടർച്ചയായി 'ഒരു തൈ നടാം' എന്ന കവിതയിലേക്ക് പ്രവേശിക്കുന്നു.
- കവിതാ അവതരണം - ടീച്ചർ / കുട്ടി / ഓഡിയോ
- കവിതയിൽ പറയുന്ന കാര്യങ്ങൾ ചർച്ച:-

- ചർച്ചാചോദ്യങ്ങൾ
  - കാവ്യഭാഗം നൽകുന്ന സന്ദേശമെന്ത്?
  - മരങ്ങൾ വച്ചു പിടിപ്പിക്കുന്നതു കൊണ്ട് ഉണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാം?
  - നിങ്ങൾ വൃക്ഷത്തൈകൾ നടാറുണ്ടോ?
  - പരിസ്ഥിതി ദിനം ആചരിച്ചത് എങ്ങനെയെല്ലാം?
  - അതിലൂടെ ലക്ഷ്യമാക്കുന്നതെന്ത്?

- കവിതയുടെ പൂർണ്ണരൂപം ഓഡിയോ/വീഡിയോ അവതരണം
- സുഗതകുമാരി ടീച്ചറെ പരിചയപ്പെടുത്തൽ

**കവിത പറഞ്ഞുവയ്ക്കുന്നത്**: വരാൻ പോകുന്ന തലമുറകൾക്കായി ഇന്ന് നാം തൈകൾ നടണം. മനുഷ്യർക്കു വേണ്ടി മാത്രമല്ല, കിളികൾക്കു വേണ്ടിക്കൂടിയാണ് തൈകൾ നടുന്നത്. ഫലങ്ങളും, തണലും, തണുപ്പും ശുദ്ധവായുവും എല്ലാം നൽകുന്ന മരങ്ങൾ നല്ല ഭാവിക്കു വേണ്ടി നാം നട്ടുവളർത്തണം എന്ന ആശയമാണ് കവയിത്രി പങ്കുവയ്ക്കുന്നത്.

## എഴുത്തുകാരനെ അറിയാം

### വി. മധുസൂദനൻ

മലയാളത്തിലെ മികച്ച ബാലകവികളിലൊരാളായ പി. മധുസൂദനൻ വളയൻ ചിറങ്ങര അരിമ്പാശ്ശേരി വീട്ടിൽ ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാവ് കെ.പി. പടനായരുടെയും ശാന്തയുടെയും മകനാണ്. ശ്രീമൂലനഗരം ഹൈസ്കൂളിൽ നിന്ന് ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തു.

കുട്ടികളിൽ ശാസ്ത്രബോധം വളർത്താനുതകുന്നതായിരുന്നു അദ്ദേഹത്തിന്റെ മുത്തു കവിതകൾ. പ്രപഞ്ചവും കലവും, അതിനുമപ്പുറമെന്താണ്?, മുക്കുറ്റിപ്പൂവിന്റെ ആകാശം, ഞാനിവിടെയുണ്ട്, ഭൂമി പാടുന്ന ശീലുകൾ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ

കേരള ശാസ്ത്രസാഹിത്യപരിഷത്ത്, ഗ്രന്ഥശാലാ സംഘം, പുരോഗമന കലാസാഹിത്യസംഘം എന്നിവയുടെ സജീവ പ്രവർത്തകനായിരുന്നു.

### പ്രതിഫലനാത്മക കുറിപ്പുകൾ

ക്ലാസ് 5
കേരളപാഠാവലി
യൂണിറ്റ് 1
പാഠം 2
കാട്ടിലെ മഴ

## പാഠസംഗ്രഹം

കാട്ടിലെ മഴ (ലേഖനം)

– ഇലകളിൽ ചോരുന്ന ആകാശം (ഇ. സോമനാഥ്)

അദ്ധ്യാപിക രഞ്ജന ആർ

നാനാജീവ സ്വരങ്ങൾ ഒത്തുചേരുമ്പോൾ അനുഭവപ്പെടുന്ന വൈവിധ്യവും, പാരസ്പര്യവുമെല്ലാം മനസ്സിൽ കുളിരുനിറയ്ക്കുന്ന ചിത്രങ്ങളിലൂടെ വർണ്ണിക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. ഗദ്യഭാഷയിൽ വാർന്നു വീണ ഈ വാങ്മയ ചിത്രങ്ങളിലൂടെ കുട്ടികളുടെ മനസ്സിൽ തെളിയുന്നത് പ്രകൃതി സൗന്ദര്യത്തിന്റെ ആഴവും വ്യാപ്തിയുമാണ്. കാട്ടിലെ സുന്ദരമായ ഈ അനുഭവദൃശ്യവും പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കാനും അറിയാനും വ്യത്യസ്തമായി ആവിഷ്കരിക്കാനും കുട്ടിയെ പ്രേരിപ്പിക്കും.

## കാട്ടിലെ മഴയിലേക്ക്

- ഒരു തൈ നടാം എന്ന കവിതയിൽ
  "ഇത് മഴയ്ക്കായ് തൊഴുതു നടുന്നു"
  എന്ന് കവയിത്രി പറയുന്നു.
- എന്തുകൊണ്ടായിരിക്കാം കവയിത്രി ഇങ്ങനെ പറഞ്ഞത് – ചർച്ച
  - മരങ്ങളും കാടും മഴയെ എങ്ങനെ സഹായിക്കുന്നു?
  - പരസ്പരബന്ധം
- മഴ കണ്ടിട്ടുണ്ടോ? കൊണ്ടിട്ടുണ്ടോ? മഴയനുഭവം പറയുന്നു.
  - കുട്ടികളുടെ മഴയനുഭവം, മഴയത്ത് കളിച്ചത്
  - മഴ നനഞ്ഞത്
  - മഴ വരുമ്പോൾ പ്രകൃതിയിലുണ്ടാകുന്ന മാറ്റം
  - കുട്ടികൾക്കു പറയാൻ അവസരം നൽകുന്നു.

## ചില സാഹിത്യ കൃതികളിലെ ഭാഗം പരിചയപ്പെടുത്തുന്നു.

### മഴ പെയ്യുന്ന പെയ്ത്തലില്.
- എം.ടി.

പെരുമഴ വരുന്നതു കണ്ടു. നാഴവുരത്തിൽ നിന്ന് കയറി മേച്ചിൽപ്പുറത്തിന്റെ അറ്റത്ത് ഇളകുന്ന ഒരു തിരശ്ശീല പോലെ അല്പനിമിഷങ്ങൾ. അത് നിൽക്കുന്നു. പെയ്യുന്ന കന്നുകാലികൾ അപ്പോഴേക്കും കൂട്ടം കൂടിക്കഴിഞ്ഞിരിക്കും. അസ്വസ്ഥരായി അമറുകയും മഴയെ തടുക്കാനെന്നോണം കൊമ്പ് താഴ്ത്തിപ്പിടിക്കുകയും ചെയ്യുന്നു. കണ്ടാൽ ഉറപ്പിക്കും വരുന്നത് പേമഴയാണ്. ആകെ നനച്ചിട്ട് കിഴക്കേ ചെരിവിലേക്കിറങ്ങി പാടം കടന്ന് പുഴയ്ക്കു മുകളിൽ എത്തും.

### നനയാത്ത മഴ -
- പ്രിയ. എ.എസ്

മഴ നനഞ്ഞല്ല. മഴ കൊള്ളാത്തിടത്ത് സുരക്ഷിതയായി നിന്ന് വിരൽ ഒന്ന് നീട്ടിത്തൊട്ടാണ് മഴയെ ഞാൻ അറിഞ്ഞിരുന്നത്. ഓടിട്ട വീട്ടിൽ ഇരുന്നു കണ്ടതാണ് മഴ. മഴയുടെ ചനുപിറന്നനെയുള്ള സംഗീത വിരുന്ന് എനിക്ക് പ്രിയപ്പെട്ടതാണ്. ഓടിറമ്പിലൂടെയുള്ള മഴയൊഴുക്കിന്റെ നേരത്ത് മഴയുടെ വെള്ളി നൂലുകൾ വീടിനെ ചുറ്റും തോരണം തൂക്കുന്നതു പോലെ തോന്നും. വീട് ഒരു കല്യാണ വീടായി ചമഞ്ഞൊരുങ്ങുന്ന അനുഭവം

### പെയ്യുന്ന കാരുണ്യം
- സുഗത കുമാരി

കാട്ടിൽ മഴ പെയ്യുന്നത് ഏതാണ്ടിതേ മട്ടിലാണ്. മരങ്ങളും വള്ളികളും ചെടിക്കൂട്ടങ്ങളും മണ്ണും ഓരോ ഇലയും മഴയെ വാരിയെടുക്കുന്നു. ആനന്ദത്തോടെ കുടിക്കുന്നു. ആർത്തലച്ച് ആഹ്ലാദിക്കുന്നു. അദൃശ്യമായ ഒരു ഉന്മാദഭാവത്തിൽ ഓരോ മരവും ഉലഞ്ഞാടി തിമിർക്കുന്നു. മഴയോടൊപ്പം ഇരമ്പിപ്പാടുന്നു.
മഴ പെയ്തു കഴിഞ്ഞാലും എത്ര നേരം ആ പാട്ടും മേളവും തുടരുന്നു. പതുക്കെ പതുക്കെ അടങ്ങുന്നു.

- മൂന്ന് സാഹിത്യകൃതികളിലെയും മഴയനുഭവം ക്ലാസിൽ ചർച്ച ചെയ്യുന്നു.
- സ്വതന്ത്ര പ്രതികരണം
- കാട്ടിലെ മഴയെക്കുറിച്ച് സുഗതകുമാരി പറഞ്ഞത് മനസ്സിലാക്കിയല്ലോ?
- കാട്ടിലെ മഴ കുടുംബ് വീഥികളെ കാണിക്കുന്നു
  - വീഥികളിൽ എന്തെല്ലാം - ചർച്ച.
- കാട്ടിലെ മഴയെക്കുറിച്ച് കൂടുതൽ അറിയാൻ നമുക്ക് ഇ. സോമനാഥിന്റെ 'ഇലകളിൽ ചോരുന്ന ആകാശം' എന്ന ലേഖനത്തിൽ നിന്നെടുത്തിട്ടുള്ള 'കാട്ടിലെ മഴ' എന്ന പാഠഭാഗം പരിശോധിക്കാം.

▲ പാഠഭാഗം വായന (മൗനവായന)
- തുടർന്ന് ചെറു സംഘങ്ങളായി തിരിഞ്ഞ് പാഠഭാഗം ഉറക്കെ വായിക്കുന്നു-
- എല്ലാ കുട്ടികൾക്കും അവസരം
- വായിക്കാൻ ബുദ്ധിമുട്ടു നേരിടുന്ന കുട്ടികൾക്ക് അധ്യാപികയുടെ സഹായം
- തുടർസഹായം കുട്ടികളെ ഏൽപ്പിക്കുന്നു (ഒഴിവു സമയത്ത് ഇത്)

▲ വായനയിൽ എന്തെല്ലാം ശ്രദ്ധിക്കണം
- ഉച്ചാരണ സ്ഫുടത
- നിർത്തി നിർത്തിയുള്ള വായന
- ആശയം മനസ്സിലാക്കിയുള്ള വായന
- ഭാവം ഉൾക്കൊണ്ട വായന

ഓരോ ഗ്രൂപ്പിലും തൽസമയ പിന്തുണ

▲ ഗ്രൂപ്പിൽ നിന്നും ഒരാൾ മാത്രം പൊതുവായി ഉറക്കെ വായിക്കുന്നു.

▲ ആരാണ് ഏറ്റവും നന്നായി വായിച്ചത് എന്തുകൊണ്ട്

പൊതുസൂചകങ്ങൾ രൂപീകരിക്കുന്നു.

<u>സൂചകങ്ങൾ</u>
- ഉച്ചാരണ ശുദ്ധി
- ഉച്ചത്തിലുള്ള വായന
- ഭാവം ഉൾക്കൊണ്ടുള്ള വായന
- നിർത്തലും നീട്ടലും ഉചിതമായിടത്ത്.

## വായന- വിലയിരുത്തൽ

### കണ്ടെത്താം പറയാം, എഴുതാം

- മഴ കാട്ടിലുണ്ടാകുന്ന കാഴ്ചയുടെ ഭംഗി നന്നായി ആസ്വദിക്കാൻ ഉതകുന്ന പ്രവർത്തനം ആയതുകൊണ്ട് പ്രവർത്തനത്തിൽ കൊടുത്ത വാക്യങ്ങൾ വിശകലനം ചെയ്യാൻ ആവശ്യപ്പെടുന്നു
  - "പുഴയ്ക്ക് ജീവൻ വച്ചു തുടങ്ങിയിരിക്കുന്നു"
  - "മരങ്ങളിൽ നിലാവ് പെയ്തിറങ്ങിയതോടെ മഴയ്ക്ക് നിറമുണ്ടായി"
  - "കുറുമ്പു കാട്ടുന്ന ആനക്കൂട്ടം കണക്കിന് മേഘങ്ങൾ"

– മഴ കാട്ടിലുണ്ടാകുന്ന കാഴ്ചകളാണ് ഈ വാക്യങ്ങളിലൂടെ വ്യത്യസ്തമായി അവതരിപ്പിച്ചിരിക്കുന്നത്

- മുകളിൽ കൊടുത്ത വാക്യങ്ങൾ PPT
- തുടർന്ന് മഴ, പുഴ, മരം, നിലാവ് എന്നിങ്ങനെ ഗ്രൂപ്പുകളായി തിരിക്കുന്നു

മഴ
പുഴ
മരം
നിലാവ്

- പാഠം ഗ്രൂപ്പിൽ വായിച്ച് ഈ ഭാഗം കണ്ടെത്തുന്നു
- അവ പാഠഭാഗത്തിന് നൽകുന്ന പ്രത്യേകതകൾ ഗ്രൂപ്പിൽ ചർച്ച
- കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുന്നു

ഉദാ: കാട്ടിൽ കന്നിമഴ ഉത്സവനമങ്ങൾ കൊണ്ടുവരുന്നത്.

- ഓരോ ഗ്രൂപ്പിന്റെയും അവതരണം
- പൊതു ചർച്ച.

ഗ്രൂപ്പ് തല പ്രവർത്തനം ടീച്ചർ വിലയിരുത്തുന്നു.

**ചർച്ചയിൽ വരേണ്ടവ:**

- ജീവൻ വച്ചുതുടങ്ങുക
- മഴയ്ക്ക് നിറങ്ങളുണ്ടാകുക
- കുറുമ്പു കാട്ടുന്ന ആനക്കൂട്ടവും മേഘവും തമ്മിലുള്ള സാദൃശ്യം
- കന്നിമഴ പെയ്തപ്പോൾ കാടിനുണ്ടായ മാറ്റങ്ങൾ
- അവതരിപ്പിക്കുന്നതിന്റെ ഭംഗി

## മഴയഴക് (വർണ്ണന തയ്യാറാക്കാം)

- വിവിധ എഴുത്തുകാരുടെ മഴയനുഭവങ്ങൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്.
- 'വി. കുഞ്ഞിരാമൻ നായരുടെ 'കാലവർഷമേ നന്ദി' എന്ന കവിതയിലെ 'പാഠപുസ്തകത്തിൽ കൊടുത്ത ഭാഗം ശ്രദ്ധിക്കാൻ ആവശ്യപ്പെടുന്നു.

"എണ്ണ കണ്ടു മലകൾ
വണ്ണക്കാരായ് വരമ്പുകൾ
മരുന്നു വച്ചു മുറികൾ
കെട്ടി, വെട്ടേറ്റ കാടുകൾ".

- മഴ വന്നപ്പോൾ പ്രകൃതിയിലുണ്ടായ മാറ്റം ഓരോന്ന് ഈ വരികളുടെ സവിശേഷതകൾ ചർച്ച ചെയ്യുക.
- എണ്ണ കണ്ടു മലകൾ - വരണ്ടുണങ്ങി കിടന്നിരുന്ന മലകൾ മഴയുടെ വരവോടെ എണ്ണ തേച്ചു കുളിച്ചു പ്രതീതി
  വണ്ണക്കാരായ് വരമ്പുകൾ - സമൃദ്ധമായി വളർച്ച ചെടികൾ
  മരുന്നു വച്ചു മുറികൾ കെട്ടി വെട്ടേറ്റ കാടുകൾ - മുറിച്ചു മാറ്റപ്പെട്ട മരങ്ങളിലൂടെ ജീവന്റെ പുതുനാമ്പുകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.
- പ്രകൃതിക്ക് മനുഷ്യഭാവം നൽകിയിരിക്കുന്നു ഇവിടെ.

- മഴ വന്നപ്പോൾ പ്രകൃതിയിലുണ്ടായ മാറ്റം പി. കുഞ്ഞിരാമൻ നായർ വർണ്ണിച്ചിരിക്കുന്നത് വായിച്ചല്ലോ.
- ആദ്യമായി വേനൽമഴ പെയ്തപ്പോൾ നിങ്ങളുടെ വീടിനു ചുറ്റും എന്തെല്ലാം മാറ്റങ്ങളുണ്ടായി? ആ മാറ്റങ്ങളെക്കുറിച്ച് വർണ്ണന തയ്യാറാക്കുക.
- സവിശേഷ പ്രയോഗങ്ങൾക്ക് വർണ്ണനയിലുള്ള പ്രാധാന്യം - ചർച്ച.

ഇന്നലെ കാട്ടിൽ മഴ പെയ്തു<br>
ഇന്നലെ കാട്ടിൽ കനിമഴ പെയ്തു } വാക്യത്തിന്റെ ഭംഗി.

കുന്നിൻ മുകളിൽ കുറുമ്പു കാട്ടുന്ന ആനക്കൂട്ടങ്ങൾ കണക്കെ മഴമേഘങ്ങൾ.

തുടങ്ങി പ്രയോഗങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് വർണ്ണന നടത്തുന്നു.

- വ്യക്തിഗതമായി വർണ്ണന തയ്യാറാക്കൽ
- പൊതു അവതരണം
- വർണ്ണന തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

വർണ്ണന

വിലയിരുത്തൽ

- ഉചിത പദങ്ങളുടെ തെരഞ്ഞെടുപ്പ്
- മടികൾ ലേഖനത്തിൽ പരിചയപ്പെട്ട, 'കുറുമ്പുകാട്ടുന്ന ആനക്കൂട്ടങ്ങൾ പോലെ മേഘങ്ങൾ' - ഇത്തരം സാദൃശ്യപ്പെടുത്തലുകൾ
- മറ്റുള്ളവരെ വായിക്കാൻ/കേൾപ്പിക്കാൻ പ്രേരിപ്പിക്കും വിധമുള്ള ഭാഷ.

## ഒറ്റയ്ക്കും കൂട്ടായും

സമസ്തപദങ്ങളെ അർത്ഥ വ്യത്യാസം വരാതെ വേർതിരിച്ചു പറയുന്ന രണ്ടു പദങ്ങളെ ചേർത്തു പറയുന്ന മുറ്റു കഴിവ് അഞ്ചാം തരം മുതൽ വളർത്തിയെടുക്കേണ്ടതുണ്ട്.

- ഇരുൾ വീണ കാട്ടിൽ ഒളിച്ചിരിക്കാൻ ഒരിടം കണ്ടെത്താൻ ഏറെ പണിപ്പെട്ടു.
- ഇരുൾ വീണ കാട്ടിൽ ഒളിയിടം കണ്ടെത്താൻ ഏറെ പണിപ്പെട്ടു.

— ഈ വാക്യങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്?

- ചർച്ച.

■ ഒളിച്ചിരിക്കാൻ ഒരിടം — ഒളിയിടം

● കൂടുതൽ വാക്യ സന്ദർഭങ്ങൾ പാഠഭാഗത്തു നിന്നു കണ്ടെത്തൽ

1. കടുത്ത വേനലിൽ നീർച്ചാലുകൾ വറ്റി വരണ്ടു
2. കാറ്റിൽ മഴയിരമ്പം കേട്ടപ്പോൾ കരിയിലകളുടെ കലപിലയാണെന്ന് തോന്നി.
3. കുന്നിൻമുകളിൽ കുറുമ്പു കാട്ടുന്ന ആനക്കൂട്ടം
4. ഇലച്ചാർത്തുകൾ ഏറെ നേരം പ്രതിരോധിച്ചു.
5. പുൽനാമ്പ് തളിർക്കുന്നു.

- ~~നീർച്ചാലുകൾ - നീരിന്റെ ചാലുകൾ~~

■ നീരിന്റെ ചാലുകൾ - നീർച്ചാലുകൾ

■ മഴയുടെ ഇരമ്പം - മഴയിരമ്പം

■ കുന്നിന്റെ മുകളിൽ - കുന്നിൻ മുകളിൽ

■ ഇലയുടെ ചാർത്തുകൾ - ഇലച്ചാർത്തുകൾ

■ പുല്ലിന്റെ നാമ്പുകൾ - പുൽനാമ്പുകൾ

**നിയുക്താഭ്യാസം:**


1. കൂടുതൽ പദങ്ങൾ പാഠഭാഗത്തു നിന്നു കണ്ടെത്തി നോട്ടുബുക്കിൽ കുറിക്കുക.
2. മഴച്ചൊല്ലുകൾ കണ്ടെത്തി എഴുതുക.
3. മഴപ്പതിപ്പ്

- വാക്കുകൾ ചേർത്തു പറയുമ്പോഴുള്ള ഗുണം – ചർച്ച.
  - വായനാസുഖം
  - സമയലാഭം
  - വാക്യദൈർഘ്യം കുറയ്ക്കാം.

## വീണ്ടും പറഞ്ഞും

- കടുത്ത വേനലിന് ശേഷം വന്ന മഴ കാടിനെ മനോഹരമാക്കി - മഴയും കാടും തമ്മിൽ എന്തെല്ലാം വർത്തമാനങ്ങൾ പറഞ്ഞിട്ടുണ്ടാകും എഴുതി നോക്കൂ.

- എന്തെല്ലാം സൂചനകൾ നൽകാം.




- വേനലിലെ സഹിക്കാനാവാത്ത ചൂട്
- ദാഹനീര് ലഭിക്കാത്ത അവസ്ഥ
- കുന്നും ചെടികളുടെ ക്ഷീണത
- ശരീരത്തെ ചുട്ടുപൊള്ളുന്ന അവസ്ഥ
- മഴ വന്നപ്പോൾ ആശ്വാസം
- കാട് മുഴുവൻ പച്ചപ്പായി
- കാടിന്റെ സന്തോഷം
- കാടിന്റെ അവസ്ഥയിൽ ദുഃഖിക്കുന്ന മനസ്സ്
- സഹായിക്കാനായി ഓടി വന്നത്
- തുള്ളികളാകുന്ന കൈകൾ കൊണ്ട് സാന്ത്വനിപ്പിക്കുന്നത്
- കാടിന്റെ പച്ചപ്പിൽ സന്തോഷിക്കുന്നു
- വിവിധ നിറങ്ങളുള്ള പൂക്കൾ വന്നു നിറയുന്നു
- കിളികൾ സന്തോഷിക്കുന്നത്

## എങ്ങനെ പറയും

- ആകർഷകമാകണം (ഉചിതപദങ്ങൾ, ഉദാഹരണങ്ങൾ, ലഘുവാക്യങ്ങൾ)
- ആശയം ഉൾക്കൊണ്ട് പറയണം.
- ചോദ്യത്തിന് യോജിച്ച ഉത്തരം
- ഒഴുക്ക്.

- സംഭാഷണം തയ്യാറാക്കൽ
- രണ്ടു പേർ ചേർന്ന് അവതരണം

## വിലയിരുത്തൽ

## എഴുത്തുകാരനെ അറിയാം

### ഇ. സോമനാഥ്

പ്രശസ്ത മാധ്യമ പ്രവർത്തകൻ. 34 വർഷം മലയാള മനോരമയിൽ സേവനം അനുഷ്ഠിച്ചു. മലയാള മനോരമയുടെ എഡിറ്റോറിയലിൽ എഴുതിയ പ്രതിവാര രാഷ്ട്രീയ പംക്തിയിലെ ലേഖനങ്ങൾ കേരളമാകെ ചർച്ച ചെയ്തിട്ടുണ്ട്. പ്രകൃതി സ്നേഹി കൂടിയായിരുന്ന സോമനാഥിന്റെ സുഹൃദ് വലയത്തിൽ നിരവധി വനപാലകരും കാടിനെ പരിപാലിക്കുന്നവരുമുണ്ട്. മലപ്പുറം വള്ളിക്കുന്ന് അത്താണിക്കലാണ് സ്വദേശം.
പിതാവ്: സി.എം. ഗോപാലൻ നായർ
മാതാവ്: ഇ. ദേവകിയമ്മ
രാഷ്ട്രീയ വിഷയങ്ങളിലും, പരിസ്ഥിതിയെക്കുറിച്ചും ശ്രദ്ധേയമായ നിരവധി റിപ്പോർട്ടുകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. 2022-ൽ അന്തരിച്ചു.

പ്രതിഫലനാത്മകക്കുറിപ്പുകൾ

ക്ലാസ് 5
കേരളപാഠാവലി
യൂണിറ്റ് 1
പാഠം 3
ഡെയ്സിച്ചെടി

## പാഠാസൂത്രണം

പാഠം: ഡെയ്സിച്ചെടി (ആൻഡേഴ്സൻ കഥകൾ. വിവർത്തനം: വിജയൻ)
അദ്ധ്യാപിക: രഞ്ജന. ആർ

പരസ്പരസ്നേഹം പകർന്നു കിട്ടിയ അംഗീകാരം പ്രകൃതി സൗന്ദര്യത്തിന്റെ അഴകും പരപ്പും വർദ്ധിപ്പിക്കുന്നു. ഡെയ്സിച്ചെടിയും വാനമ്പാടിയും തമ്മിലുള്ള ബന്ധത്തിലൂടെ ഇക്കാര്യം കഥാകൃത്ത് ഭംഗിയായി ചിത്രീകരിക്കുന്നു. നഷ്ടപ്പെടുന്നതിന്റെ വേദന നഷ്ടപ്പെടുമ്പോൾ മാത്രം തിരിച്ചറിയുന്ന ലോകത്തെക്കുറിച്ചും ഈ കഥ പറയുന്നു. പരസ്പരം തിരിച്ചറിഞ്ഞും അംഗീകരിച്ചും സഹായിച്ചുമാകണം നിലനിൽക്കേണ്ടത്. ഭയത്തിനും ആർത്തിക്കും ഇവിടെ സ്ഥാനമില്ല.

## ഡെയ്സിച്ചെടി

- കഥാവായന
  - നമുക്ക് കിളിയും പൂവും തമ്മിലുള്ള സ്നേഹത്തിന്റെ കഥ പറയുന്ന ഡെയ്സിച്ചെടി എന്ന കഥ പരിചയപ്പെടാം
  - പാഠഭാഗത്തു കാണുന്ന ചിത്രത്തിൽ എന്തെല്ലാം ഉണ്ട് എന്ന് അദ്ധ്യാപിക ചോദിക്കുന്നു
  - സ്വതന്ത്രപ്രതികരണം

    പല നിറമുള്ള പൂക്കൾ, കിളി
  - ആ കിളി പൂവിനോട് എന്താണ് പറയുന്നത്?
  - പാഠഭാഗം - മൗനവായന
  - കഥ, വായനയിൽ മനസ്സിലാകാത്തത് ഇഷ്ടപ്പെട്ടത് എന്നിവ കണ്ടെത്തി

- ഉറക്കെ വായന (ഒന്നോ രണ്ടോ കുട്ടികൾ)
- ടീച്ചറുടെ അവതരണം
- ആശയഗ്രഹണം നടന്നിട്ടുണ്ടോ എന്നറിയാൻ ചെറു ചോദ്യങ്ങൾ ചോദിക്കുന്നു.
    - ഡെയ്സിച്ചെടി എവിടെയാണ് കാണപ്പെട്ടത്?
    - താൻ അനുഗൃഹീതയാണെന്ന് ഡെയ്സിച്ചെടിക്ക് തോന്നാൻ കാരണമെന്ത്?
    - മറ്റു പൂക്കളുടെ മുഖം കോപം കൊണ്ട് ചുവന്നു - കാരണമെന്ത്?
    - ഒരു പുൽനാമ്പ് എനിക്കിപ്പോൾ വസന്തമാണ്. നിന്റെ ഓരോ ഇതളും എനിക്ക് ഓരോ പൂവാണ്. കഷ്ടം! എനിക്ക് നഷ്ടപ്പെട്ടതിന്റെ വില ഇപ്പോൾ ഞാൻ അറിയുന്നു. പറഞ്ഞതാര്?
- കുട്ടികളുടെ സ്വതന്ത്ര പ്രതികരണം.

## കഥ സംഗ്രഹിച്ചു പറയൽ

ആശയഗ്രഹണത്തിനും വരികൾ ചുരുക്കി പറയാനും ക്രമപ്പെടുത്തി പറയാനും.

- കഥ ഒന്നോ രണ്ടോ തവണ കുട്ടികൾ മൗനവായന നടത്തുന്നു.
- പല ഭാഗങ്ങളിലായി വായിച്ചവതരിപ്പിക്കാൻ
- കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു
- ഒരു കുട്ടി ഒരു വാക്യം എന്ന രീതിയിൽ കഥ ഓർമ്മിച്ചു പറയുന്നു.
- ഒന്നു രണ്ടു തവണ ഇതാവർത്തിക്കുന്നു.
- പിന്നീട് കഥ മുഴുവനായും സംഗ്രഹിച്ച് പറയാൻ അവസരം നൽകുന്നു.

- കഥ സംഗ്രഹിച്ചു പറയൽ ഗുണങ്ങൾ - ചർച്ച
    - കഥ മനസ്സിലാക്കി (ആശയഗ്രഹണം)
    - ചുരുക്കിപ്പറയാൻ കഴിഞ്ഞു (ചുരുക്കിപ്പറയൽ)
    - ഓർമ്മിച്ചു വയ്ക്കാൻ കഴിഞ്ഞു (ഓർത്തുപറയൽ)
    - ആദ്യം വേണ്ടവ ആദ്യവും പിന്നീട് വേണ്ടവ പിന്നീടും പറഞ്ഞു (ക്രമപ്പെടുത്തൽ)
    - ചെറിയ ചെറിയ വാക്യങ്ങളിലൂടെ അവതരിപ്പിക്കാൻ കഴിഞ്ഞു (ലഘുവാക്യങ്ങളിലൂടെ കൂടുതൽ ആശയപ്രകാശനം)

■ പ്രകൃതിപാഠങ്ങൾ (ഉപന്യാസം)

പ്രവർത്തനം - വായന

? മഞ്ഞിന്റെ കിനാവുകൾ എന്ന കവിതയിലൂടെ നമ്മൾ പരിചയപ്പെട്ടത് എന്താണ്?

□ പ്രകൃതി സൗന്ദര്യം

? 'കാടിലെ മഴ' എന്ന അനുഭവക്കുറിപ്പിലൂടെ നമ്മൾ മനസ്സിലാക്കിയതെന്ത്?


□ മഴയുടെ സൗന്ദര്യം

? 'ഡെയ്സി ചേട്ടി' എന്ന കഥ പറഞ്ഞു വെക്കുന്നത് എന്താണ്?

□ പരസ്പരസ്നേഹം

■ അങ്ങനെയെങ്കിൽ ഈ മൂന്ന് പാഠങ്ങളെ അടിസ്ഥാനമാക്കി 'പ്രകൃതിപാഠങ്ങൾ' എന്ന ഒരു ലഘൂപന്യാസം തയ്യാറാക്കിയാലോ?

■ പൊതു ചർച്ച - ചർച്ചയിൽ വരേണ്ടത്.




■ പാഠഭാഗം വായന (വ്യക്തിഗതം)

■ ഓരോ പാഠഭാഗത്തിൽ നിന്നും പ്രസക്തമായ ആശയങ്ങൾ നോട്ടുബുക്കിൽ കുറിക്കൽ

■ പ്രധാന ആശയങ്ങൾ ഉൾക്കൊള്ളിച്ച് ആശയപടം തയ്യാറാക്കൽ

## പ്രകൃതി പാഠങ്ങൾ

### കാട്ടിലെ മഴ

- ഐക്യം, പാരസ്പര്യം
-

### മണ്ണിന്റെ കിനാവുകൾ

- സ്വാതന്ത്ര്യം
- സ്വത്വത്തിനും ഉദർജ്ജവും
- ശുഭാപ്തി വിശ്വാസം
- പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ക്ഷമത.

### ചർച്ചയിൽ നിന്നും വായനയിൽ നിന്നും മനസ്സിലാക്കിയവ

### ഡെയ്സിച്ചേട്ടി

- പരസ്പര സ്നേഹം
- പരസ്പരവിശ്വാസം
- പരസ്പര അംഗീകാരം
- തിരിച്ചറിവ്.

- ചെറു ചോദ്യങ്ങളിലൂടെ ആശയം കണ്ടെത്താൻ സഹായിക്കുന്നു.
- വിന്നാക്കാരൻ തത്സമയ ചിന്തകൾ നൽകുന്നു
- അഞ്ചാം ക്ലാസുകാരന്റെ നിലവാരത്തിലുള്ള രണ്ടോ മൂന്നോ വാക്യങ്ങളുള്ള ചെറിയ ഉപന്യാസത്തിന് പ്രാധാന്യം.

- രണ്ടോ മൂന്നോ പേർക്ക് അവതരിപ്പിക്കാൻ അവസരം നൽകുന്നു.
- ആവശ്യമായ മെച്ചപ്പെടുത്തൽ
- ഉപന്യാസത്തിൽ എന്തെല്ലാം?
    - പ്രകൃതിപാഠം എന്ന വിഷയത്തിലേക്ക് നയിക്കുന്ന തലക്കെട്ട്.
    - പൂക്കൾ, പുഴ, മഴ, കിളി, ചെടി ഇവയൊക്കെ ഉൾക്കൊള്ളുന്ന പ്രകൃതിയെക്കുറിച്ച് ഒരു ആമുഖം (ഖണ്ഡിക)
    - മൂന്നു പാഠങ്ങളിലെയും പ്രധാന ആശയങ്ങൾ ചേരുന്ന ഒരു ഖണ്ഡിക
    - സുന്ദരമായ പ്രകൃതിയെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ് എന്നും ഭൂമിയില്ലാതെ മനുഷ്യൻ ജീവിതം സാധ്യമല്ല എന്നും പരസ്പരസ്നേഹമാണ് പ്രകൃതി നമ്മെ പഠിപ്പിക്കുന്നത് എന്നും പറഞ്ഞ് അവസാനിപ്പിക്കുന്ന അവസാനത്തെ ഖണ്ഡിക.
    - ചെറിയ ചെറിയ വാക്യങ്ങളിലായി എഴുതണം. ഉചിതപദങ്ങൾ, ഉദ്ധരണികൾ എന്നിവ ചേർക്കാം

**ചർച്ചയിൽ എന്തെല്ലാം**

- വ്യക്തിഗത രചന
- ഗ്രൂപ്പിൽ വായിച്ചവതരണം
- മികച്ചത് കണ്ടെത്തൽ
- പൊതു അവതരണം
- മികവുകൾ, കൂട്ടിച്ചേർക്കലുകൾ - ചർച്ച
- ടീച്ചർ വേർഷൻ അവതരണം
- മെച്ചപ്പെടുത്തൽ
- പോർട്ട് ഫോളിയോയിലേക്ക്
- വികസിപ്പിച്ച സൂചകങ്ങളുടെ സഹായത്തോടെ വിലയിരുത്തുന്നു.

## വിലയിരുത്തൽ സൂചകങ്ങൾ - ഉപന്യാസം

- 'പ്രകൃതിപാഠം' എന്ന വിഷയത്തിലേക്ക് നയിക്കുന്ന തലക്കെട്ട്
- പ്രകൃതിയെക്കുറിച്ച് ആമുഖം (പൂക്കൾ, കിളി, പുഴ, മഴ ഉൾപ്പെടെ)
- മൂന്ന് പാഠങ്ങളിലെയും പ്രധാനാശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്
- പ്രകൃതി സംരക്ഷണം, പരസ്പരബന്ധം എന്നിവയെക്കുറിച്ച് പറഞ്ഞവസാനിപ്പിച്ചിട്ടുണ്ട്
- ഉചിതപദങ്ങൾ, ഉദ്ധരണികൾ, ചെറിയ ചെറിയ വാക്യങ്ങൾ എന്നിവ ചേർത്തിട്ടുണ്ട്

### വിലയിരുത്തൽ.

അനുബന്ധത്തിൽ നൽകിയ കവിതകൾ ഉചിത സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തൽ.

### പ്രതിഫലനാത്മക കുറിപ്പുകൾ